**GTWLPS THEKKADY**

**SETHUMADA PO, PALAKKAD DISTRICT- 642133 Ph:9486805019**

**Email:gtwlpsthekkady@gmail.com**

# കോവിഡ് കാലത്തെ അക്കാദമിക പ്രവർത്തനങ്ങൾ

## ആമുഖം

മുതലമട പഞ്ചായത്തിൽ പതിനൊന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ജി ടി ഡബ്ല്യു എൽ പി എസ് തേക്കടി, കാടിനകത്ത് സ്ഥിതി ചെയ്യുന്ന ഒരു ട്രൈബൽ വിദ്യാലയമാണ്. 32 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിന് ഒരുപാട് പരാധീനതകൾ ഉണ്ട്. പറമ്പിക്കുളം ടൈഗർ റിസർവിനകത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ ടെലിഫോൺ, സ്മാർട്ട്ഫോൺ, ടിവി എന്നിവ ഒന്നും ഉപയോഗിക്കാൻ കഴിയില്ല. ഇപ്പോഴും വാർത്താവിനിമയ മാർഗങ്ങൾ ഒന്നുമില്ലാതെ ഇവിടുത്തെ പ്രവർത്തനങ്ങൾ വളരെ ബുദ്ധിമുട്ടിയാണ് അധ്യാപകർ പൂർത്തിയാക്കുന്നത്. പകൽസമയത്ത് വൈദ്യുതി കിട്ടാൻ യാതൊരു മാർഗ്ഗവുമില്ല. രാത്രി മാത്രമാണ് സോളാർ വൈദ്യുതി ഇവിടെ ലഭ്യമായിട്ടുള്ളത്.

ഈ വിദ്യാലയത്തിലേക്ക് തമിഴ്നാട് വഴി വേണം എത്താൻ. പോകുന്ന വഴിയിൽ മൂന്നു ചെക്ക്പോസ്റ്റുകൾ ഉണ്ട്. തമിഴ്നാടിന്റെ ചെക്പോസ്റ്റ് ഉള്ളതിനാൽ യാത്രാ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. അതിനാൽ ചാർജുള്ള അധ്യാപകന് അവിടെ എത്താൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് കലക്ടറുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് അദ്ദേഹത്തിന് യാത്രാസൗകര്യം കിട്ടിയത്.

ആയതിനാൽ 2021 ജൂൺ-ജൂലൈ മാസങ്ങളിൽ കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാനോ പഠന പിന്തുണ നൽകാനോ അധ്യാപകന് കഴിഞ്ഞിരുന്നില്ല. അതിനെ തുടർന്ന് കലക്ടറുടെ പ്രത്യേക താൽപര്യപ്രകാരം ജൂലൈ മാസത്തിൽ ഇവിടെ മൂന്നു പുതിയ അധ്യാപകരെ നിയമിക്കുകയും തുടർന്ന് സ്കൂളിന് ഒരു ഉണർവ് ഉണ്ടാകുകയും ചെയ്തു.

ഡിസംബർ 24 നാണ് പുതിയ പ്രധാനാധ്യാപിക ചാർജെടുത്തത്. തുടർന്ന് ജനുവരി മുതലാണ് പഠനപ്രവർത്തനങ്ങൾ നല്ല രീതിയിൽ പ്ലാൻ ചെയ്തു നടപ്പാക്കിവരുന്നത്.

# അക്കാദമിക പ്രവർത്തനങ്ങൾ

## വായനാ പ്രവർത്തനങ്ങൾ

ഇൻററർനെറ്റ് ലഭ്യത ഇല്ലാത്തതിനാൽ ഫസ്റ്റ് ബെൽ ക്ലാസുകൾ സ്കൂളിലെ വിദ്യാർഥികൾക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ നേരിട്ട് തന്നെ പഠന പിന്തുണ നൽകാൻ കലക്ടർ പ്രത്യേകം നിർദേശിച്ചിരുന്നു. ജൂലൈ അവസാന വാരം മുതൽ 3 അധ്യാപകരും അവിടെ താമസിച്ച് കുട്ടികൾക്ക് ക്ലാസ് എടുത്തു വരികയാണ്. ഭാഷ ഇവിടുത്തെ കുട്ടികൾക്ക് ഒരു പ്രധാന പ്രശ്നമാണ്.അതിനാൽ തന്നെ വായന ഉറപ്പിക്കാൻ ആയിട്ടുള്ള പ്രവർത്തനങ്ങളാണ് ആദ്യം ചെയ്തത്.

വായന ഉറപ്പിക്കുന്നതിനായി ധാരാളം വായന കാർഡുകൾ അധ്യാപകർ കൂടി ഇരുന്ന് ആലോചിച്ച് തയ്യാറാക്കി. ഇതിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പ്രത്യേകം കാർഡുകൾ തയ്യാറാക്കി.

ഒന്ന് രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് തീരെ അക്ഷരപരിചയം ഇല്ലാത്തതിനാൽ അവർക്ക് ചിത്രങ്ങൾ സഹിതമുള്ള വായനാ കാർഡുകൾ ആണ് ഉണ്ടാക്കിയത്. മൂന്ന് നാല് ക്ലാസ്സുകളിലെ കുട്ടികൾക്കായി വാചകങ്ങൾ ഉൾപ്പെടുന്ന വായനാ കാർഡുകൾ തയ്യാറാക്കി .കൂടാതെ ചെറിയ കഥകളും തയ്യാറാക്കി. ഇതിനു പുറമേ ചെറിയ പാട്ടുകൾ കാർഡുകളിൽ എഴുതി (ചിത്രങ്ങൾ സഹിതം) വായിക്കാനും കൊടുത്തു.

## ഗണിത പ്രവർത്തനങ്ങൾ

കുട്ടികൾക്ക് അടിസ്ഥാന ഗണിത ശേഷികൾ ഉറപ്പിക്കാനായി ധാരാളം വർക്ക് ഷീറ്റുകൾ തയ്യാറാക്കി. സങ്കലനം, വ്യവകലനം, എണ്ണൽ കൂട്ടി എഴുതൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന വർക്ക് ഷീറ്റുകളാണ് തയ്യാറാക്കിയത്. കുട്ടികൾക്ക് സ്വയം ചെയ്യാവുന്ന രീതിയിൽ വളരെ ലളിതമായതാണ് ഇവ. അധ്യാപകർ കൂടെയിരുന്ന് അവരെ അതിനു സഹായിക്കുകയും ചെയ്തു.

## ഇംഗ്ലീഷ് പഠനം

ഇംഗ്ലീഷിൽ വളരെ പിന്നോക്കാവസ്ഥയിലാണ് ഈ കുട്ടികൾ ഉള്ളത്. അതിനാൽ തന്നെ പദങ്ങൾ തുടങ്ങിയുള്ള പഠനമാണ് ഉദ്ദേശിച്ചത്. ഇതിനായി പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി. വായനയ്ക്കാണ് ഊന്നൽ കൊടുത്തത്. ഇപ്പോൾ കുട്ടികൾ വായിച്ചു വരുന്നു. പുരോഗതി കാണുന്നുണ്ട്. എന്നാലും നല്ല കഠിനാധ്വാനം ചെയ്താൽ മാത്രമേ ഇത്തരം പിന്നോക്ക മേഖലയിലുള്ള കുട്ടികളെ ഇംഗ്ലീഷിൽ നമുക്ക് മുന്നോട്ടു കൊണ്ടു വരാൻ കഴിയുള്ളൂ. അതിനു വേണ്ട പ്രവർത്തനങ്ങൾ അധ്യാപകർ നിരന്തരം തയ്യാറാക്കുകയും അതിനുവേണ്ടി കഠിനാധ്വാനം ചെയ്യുന്നുമുണ്ട്.

## കലാ-കായിക പ്രവർത്തനങ്ങൾ

പൊതുവേ അന്തർമുഖരായ ഈ വിദ്യാർഥികളെ അധ്യാപകരുടെ സ്നേഹപൂർവമായ ഇടപെടൽകൊണ്ട് സ്കൂളിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികളിൽ അതിൻറെ ഉത്സാഹം കാണാനുമുണ്ട്. എങ്കിലും ഇനിയും ഒരുപാട് പ്രവർത്തനങ്ങൾ ചെയ്താൽ മാത്രമേ ഈ വിദ്യാലയത്തിന് മറ്റുള്ള മുഖ്യധാരാ വിദ്യാലയങ്ങൾക്കൊപ്പം എത്താൻ കഴിയുകയുള്ളൂ .ദിവസവും ഓരോ പീരിയഡ് വീതം കലാ പ്രവർത്തനങ്ങളും കായിക പ്രവർത്തനങ്ങളും ഇവിടെ നടത്താറുണ്ട്. കുട്ടികളുടെ കലാ വാസനകളെ പുറത്തുകൊണ്ടുവരാൻ പാട്ട്, ചിത്രരചന തുടങ്ങിയ കാര്യങ്ങൾ ചെയ്യാറുണ്ട്. അതുപോലെതന്നെ ഫുട്ബാൾ ,ബാസ്കറ്റ് ബാൾ തുടങ്ങിയ കളികളിലും അധ്യാപകർ ഇവർക്ക് പരിശീലനം നൽകുന്നുണ്ട്.

സാധാരണരീതിയിൽ വിദ്യാലയം പ്രവർത്തിച്ചാൽ തന്നെ ഈ വിഭാഗത്തിൽ ഉള്ള കുട്ടികൾക്ക് ആശയങ്ങൾ മനസ്സിലാക്കണമെങ്കിൽ അധ്യാപകർ നിരന്തരം അതിനായി പ്രവർത്തിക്കണം. നീണ്ട അവധി കളും മറ്റും വരുമ്പോൾ ഈ കുട്ടികൾ പഠിച്ചതിൽ നിന്ന് പുറകോട്ട് പോവുകയും അധ്യാപകർ വീണ്ടും തുടക്കം മുതൽ ചെയ്യേണ്ടതായും വരുന്നുണ്ട്. കോവിഡ് കാരണം ഒന്നരവർഷത്തോളം പഠനം നഷ്ടപ്പെട്ടത് ഈ ഗ്രാമത്തിലെ വിദ്യാർത്ഥികളെ വളരെയധികം ബാധിച്ചിട്ടുണ്ട് എന്ന് തന്നെ വേണം പറയാൻ. ഇനി അത് പഴയ രീതിയിൽ ആവാൻ ഒരുപാട് കഠിനാധ്വാനം ചെയ്യേണ്ടിയിരിക്കുന്നു.

*****************************************************************************************